**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3908** — **11/11/2019-ൽ മറുപടിയ്ക്ക്**

## പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ക്ലെറിക്കൽ, ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** പട്ടാമ്പിയിലെ കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ 2010 ൽ താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ടുവെങ്കിലും നിലവിൽ ക്ലറിക്കൽ അസിസ്റ്റന്റിന്റെയും ഓഫീസ് അസിസ്റ്റന്റിന്റെയും ഓരോ തസ്തികകൾ മാത്രമാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | **എ) യും ബി യും** പട്ടാമ്പി താലൂക്കാസ്ഥാന ആശുപത്രിയിൽ ഒരു ക്ലാർക്കിന്റെ അനുവദിക്കപ്പെട്ട തസ്തിക മാത്രമാണുള്ളത് എങ്കിലും ജില്ലാ മെഡിക്കൽ ഓഫീസിലെ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റിനെ ടി ആശുപത്രിയിലേയ്ക്ക് പുനർവിന്യാസം ചെയ്തിട്ടുണ്ട്. |
| **ബി)** ശരാശരി ഒരു ദിവസം തൊള്ളായിരത്തോളം ഒ.പി. വിഭാഗത്തിലും പതിനഞ്ചോളം ഐ.പി. വിഭാഗത്തിലും ഉൾപ്പെടുന്നതായ രോഗികൾ എത്തിച്ചേരുന്ന പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഇപ്പോഴും ഒരു ക്ലറിക്കൽ അസിസ്റ്റന്റിന്റെയും ഒരു ഓഫീസ് അസിസ്റ്റന്റിന്റെയും സേവനങ്ങൾ മാത്രമാണ് ലഭിക്കുന്നതെന്നിരിക്കെ പ്രസ്തുത തസ്തികകൾ കൂടുതൽ അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | |

| | | | |
|---|---|---|---|
| **സി)** | തസ്തികകൾ സൃഷ്ടിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ മൂന്ന് ക്ലെറിക്കൽ സ്റ്റാഫിന്റെയും ഒരു ഹെഡ് ക്ലെർക്കിന്റെയും തസ്തികകൾ നിലവിലുള്ള ചാലിശ്ശേരി പോലുള്ള പി.എച്ച്.സി. കളിൽ നിന്നും തസ്തികകൾ പട്ടാമ്പി താലൂക്ക് ആശുപത്രിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | **സി)** | സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പാറ്റേൺ അനുസരിച്ചുള്ള തസ്തികയാണ് സി.എച്ച്.സി ചാലിശ്ശേരിയിൽ നിലവിലുള്ളത്. ടി തസ്തികകൾ പട്ടാമ്പി താലൂക്കാശുപത്രിയിലേയ്ക്ക് മാറ്റിയാൽ ചാലിശ്ശേരിയിലെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**